# കേരള സാഹിത്യ അക്കാദമി

പി.ബി.നമ്പർ 501, ടൗൺ ഹാൾ റോഡ്, തൃശൂർ 680020, ഫോൺ&ഫാക്സ് 0487 2331069, 2331103
ഇ.മെയിൽ: keralasahityaakademi@gmail.com വെബ്സൈറ്റ്: www keralasahityaakademi.org

പത്രക്കുറിപ്പ്

10.06.2017

## ഇന്ത്യൻ സംസ്കാരം ബഹുസ്വരതയുടെ സമന്വയം

### സാംസ്കാരികകവകുപ്പ് മന്ത്രി എ.കെ.ബാലൻ

ഇന്ത്യൻ സംസ്കാരം വിവിധ പ്രാദേശികജനതകളുടെ സാംസ്കാരികമായ ബഹുസ്വരതയുടെ സമന്വയമാണെന്ന് സാംസ്കാരികവകുപ്പ് മന്ത്രി എ.കെ.ബാലൻ പറഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെ 60-ാം വാർഷികസമ്മേളനത്തിന്റെ ഉദ്ഘാടനവും പുരസ്കാരസമർപ്പണവും നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ സംസ്കാരം ഏകശിലാരൂപിയാണെന്ന് സ്ഥാപിക്കാൻ രാജ്യമെമ്പാടും നടക്കുന്ന പ്രചരണങ്ങൾ തിരിച്ചറിയണം. വൈവിധ്യമാണ് നമ്മുടെ നാടിന്റെ അടിസ്ഥാനം. കേരളത്തിൽ നവോത്ഥാനമൂല്യങ്ങൾ കടുത്ത വെല്ലുവിളികൾ നേരിടുന്നുണ്ട്. സാംസ്കാരികരംഗത്ത് ജാഗ്രതയോടെയുള്ള സമീപനംകൊണ്ടുമാത്രമേ ജാതിയുടെയും വർഗീയതയുടെയും ഭീഷണികളെ നേരിടാനാകൂ. കലയുടെയും ശാസ്ത്രത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും മേഖലയിൽ പുതിയ അവബോധം സൃഷ്ടിക്കുകയെന്നതാണ് സർക്കാരിന്റെ നയം. നവകേരളസൃഷ്ടിക്കുള്ള നയരേഖയാണ് സർക്കാർ മുന്നോട്ടുവെയ്ക്കുന്നത്. സാംസ്കാരികരംഗത്തെ സജീവമാക്കാൻ സമഗ്രമായ പദ്ധതികൾ സർക്കാർ ആവിഷ്ക്കരിക്കുന്നുണ്ട്. എല്ലാ സംസ്ഥാന അവാർഡുകളുടെയും തുക വർദ്ധിപ്പിക്കാൻ തീരുമാനിച്ചതായി അദ്ദേഹം അറിയിച്ചു.

മാനവികത, സമത്വം, ബഹുസ്വരത എന്നിവ ഇല്ലാതാകുന്ന ഇന്ത്യൻ സാഹചര്യത്തിൽ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തിരികെ വരുന്നതായി സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച വൈശാഖൻ പറഞ്ഞു. ദളിതരും മുസ്ലീങ്ങളും ആദിവാസികളും നിലവിളിക്കുമ്പോൾ സംരക്ഷകരായി ഓടിയെത്തുന്നത് എഴുത്തുകാരനാണ്. ഇപ്പോൾ പ്രതികരിച്ചില്ലെങ്കിൽ നാളെ അതിനൊരവസരം ഉണ്ടാകില്ല. ജനാധിപത്യരാജ്യം എന്ന നിലനിൽപ്പ് ഇല്ലാതാക്കാനാണ് ഹൈന്ദവ സവർണ്ണ മേൽക്കോയ്മ തുനിയുന്നത്. ഇതിനെതിരെ മാനുഷികത ഉയർത്തിപ്പിടിക്കുന്ന എഴുത്തുകാരാണ് പ്രതിരോധം ഉയർത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

സാറാജോസഫ്, യു.എ.ഖാദർ എന്നിവർ വിശിഷ്ടാംഗത്വവും ഒ.വി.ഉഷ, മുണ്ടൂർ സേതുമാധവൻ, പ്രൊഫ. വി.സുകുമാരൻ, ഡോ.ടി.ബി.വേണുഗോപാലപ്പണിക്കർ, പ്രയാർ പ്രഭാകരൻ, ഡോ.കെ.സുഗതൻ എന്നിവർ സമഗ്രസംഭാവനാപുരസ്കാരവും മന്ത്രി എ.കെ.ബാലനിൽനിന്നും സ്വീകരിച്ചു. അക്കാദമി വൈസ് പ്രസിഡണ്ട് ഡോ. ഖദീജ മുംതാസ് വിശിഷ്ടാംഗങ്ങളെ പരിചയപ്പെടുത്തി. അക്കാദമി നിർവ്വാഹകസമിതി അംഗം ആലങ്കോട് ലീലാകൃഷ്ണൻ പ്രശസ്തിപത്രാവതരണം നടത്തി. സമഗ്രസംഭാവനാപുരസ്കാരജേതാക്കളെ അക്കാദമി നിർവ്വാഹകസമിതി അംഗം പ്രൊഫ.വി.എൻ.മുരളി പരിചയപ്പെടുത്തി. അക്കാദമി സെക്രട്ടറി ഡോ.കെ.പി.മോഹനൻ സ്വാഗതവും അക്കാദമി അംഗം ടി.പി.വേണുഗോപാലൻ നന്ദിയും പറഞ്ഞു.

തുടർന്ന് നടന്ന കവിസമ്മേളനം സച്ചിദാനന്ദൻ ഉദ്ഘാടനംചെയ്തു. കെ.ജി.ശങ്കരപ്പിള്ള അധ്യക്ഷത വഹിച്ചു. പി.പി.രാമചന്ദ്രൻ, പി.പി.ശ്രീധരനുണ്ണി, എൻ.കെ.ദേശം, കുരീപ്പുഴ ശ്രീകുമാർ, എസ്.ജോസഫ്, കെ.ആർ. ടോണി, പി.എൻ.ഗോപീകൃഷ്ണൻ, എസ്.രമേശൻ എന്നിവർ പങ്കെടുത്തു. അക്കാദമി അംഗം രാവുണ്ണി സ്വാഗതം പറഞ്ഞു.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി